LIBRARY ARCHIVES Kerala Legislative Assembly

മറവിൽ ടെക്സ്റ്റൈൽ മിൽസ് വ്യാപകമായിട്ടുള്ള ടാക്സ് ഇവേഷൻ നടത്തുന്ന സ്ഥിതി വന്നു. അങ്ങനെവന്ന സാഹചര്യത്തിലാണ് രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് എന്നുള്ളത് ഒരു ശതമാനം വാറ്റാക്കി മാറ്റിയത്. അത് കൈത്തറിക്കും ബാധകമാക്കിയിട്ടുണ്ട്. കൈത്തറിയെ സഹായിക്കുന്നതിന് മനസ്സില്ലാത്തതുകൊണ്ടല്ല നമുക്ക് പ്രായോഗികമായിട്ടുള്ള തടസ്സങ്ങൾ വന്നതുകൊണ്ടാണ്. ഇപ്പോൾ ഒരു ശതമാനം മാത്രമാണുള്ളത്. അത് നമുക്ക് ഉപഭോക്താക്കളിൽനിന്ന് വാങ്ങാനും സാധിക്കും. ഇത് കൈത്തറിയെ ദോഷകരമായി ബാധിക്കില്ലെന്ന വിശ്വാസം തന്നെയാണ്.

(7) റബ്ബർ കർഷകർക്ക് ധനസഹായം

ശ്രീ. രാജു എബ്രഹാം: സർ, ഇന്ന് വലിയ ദുരിതത്തിലായിരിക്കുന്ന റബ്ബർ കൃഷിക്കാരെ സഹായിക്കാൻ 300 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇതിനോടകം 36 കോടി രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞത്. ഇത് പരാജയത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രജിസ്റ്റർ ചെയ്ത ഏതാനും ചില കൃഷിക്കാർക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്ത കാൽഭാഗം ആളുകൾക്കുപോലും ഒരാനുകൂല്യവും ലഭിച്ചിട്ടില്ല. (ദീപിക പത്രം ഉയർത്തിക്കാട്ടി) ഒരു കിലോ റബ്ബർ കൊടുത്താൽ ഒരു കിലോ മത്തി കിട്ടുകയില്ല. ഇത് ദീപിക പത്രത്തിൽ വന്ന വാർത്തയാണ്. ഇത് പരമദയനീയമാണ്. റബ്ബറിന്റെ വില 97 രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ വർഷത്തെ ഇറക്കുമതി അഞ്ച് ലക്ഷം കവിയുകയാണ്. ഇത്രയും ഗുരുതരമായ ഒരു സ്ഥിതിയിൽ ഈ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? കേരളത്തിലെ മലയോരമേഖല നിശ്ചലമായിരിക്കുകയാണ്. ഈ ദുരിതപൂർണ്ണമായ അവസ്ഥയിൽ വളരെ ക്രിയാത്മകമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പ്രഖ്യാപനങ്ങളല്ല വേണ്ടത്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റബ്ബറിന്റെ പ്രശ്നം വളരെ ഗുരുതരമാണ്. 250 രൂപ വരെയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 100 രൂപയിൽ താഴെയായി. കഴിഞ്ഞ ദിവസം റബ്ബറിന്റെ വില 97 രൂപയായിരുന്നു. ഇത് വളരെ ഗുരുതരമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ പ്രഖ്യാപനങ്ങളല്ല നടപടികളാണ് വേണ്ടത്. ഇതിനുമുമ്പ് റബ്ബർ രംഗത്ത് പ്രതിസന്ധിവന്ന സമയത്ത് സ്വീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഒരു പുതിയ സ്കീമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ വർഷം 300 കോടി രൂപയാണ് ഇതിനായി

മാറ്റിവച്ചിരിക്കുന്നത്. ഇന്നലെ ഞാൻ 36 കോടി രൂപയെന്ന് പറഞ്ഞു. ഇന്ന് അതിന്റെ ശരിയായ കണക്കെടുത്തു. ഏറ്റവും പുതിയതായിട്ടുള്ള കണക്കനുസരിച്ച് 46.3 കോടി രൂപ ഡിസ്ബർസ്മെന്റ് ചെയ്തുകഴിഞ്ഞു. 3,08,119 (മൂന്ന് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി പത്തൊമ്പത്) ചെറുകിട കർഷകർ ഈ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാണ് കാലതാമസം വന്നത്. ഇപ്പോൾ അത് ഏതാണ്ട് പൂർത്തീകരിച്ചു. റബ്ബർ ബോർഡിന്റെയും ആർ.പി.എസ്.-ന്റെയും സഹായത്തോടുകൂടിയാണ് ഞങ്ങളിത് ചെയ്യുന്നത്. പണം സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കും. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ റബ്ബർ ബോർഡിന് 50 ലക്ഷം രൂപയും കൈമാറിയിട്ടുണ്ട്. ഇത് എത്രയുംപെട്ടെന്ന് കർഷകരിൽ എത്തിക്കാൻ ശ്രമിക്കും. ഈ സ്കീമിന്റെ പരിധിയിൽ വരുന്ന ചെറുകിട കർഷകർക്ക് 150 രൂപ അഷ്വർ ചെയ്യുന്ന നടപടിയിൽനിന്നും ഗവൺമെന്റ് പുറകോട്ട് പോകുന്നതല്ല. ഈ കാര്യത്തിന് 500 കോടി രൂപ കേന്ദ്രത്തിൽനിന്നും തരണമെന്ന ആവശ്യവും ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(8) ഒഴിവുകൾ നികത്തൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ന് കേരളത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുമെന്നും ഇല്ലെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഈ സഭയിൽത്തന്നെ നിരവധി തവണ മുഖ്യമന്ത്രി ഇത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ ഒഴിവുകൾ സംബന്ധിച്ചുള്ള വിശദാംശം പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിത്തരികയും ചെയ്യാം. അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആദ്യത്തേത് കെ.എസ്.ഇ.ബി.യുടെ കാര്യമാണ്. ഞാൻ മാത്രമല്ല, ശ്രീ. കെ. ശിവദാസൻ നായരും കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ നികത്തുന്നില്ലായെന്ന് കാണിച്ച് ഈ സഭയിൽ സബ്മിഷൻ കൊണ്ടുവന്നിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ 3097 ഒഴിവുകൾ നികത്താനുണ്ട്. വാട്ടർ അതോറിറ്റിയിൽ 307 ഒഴിവുകൾ. ഇത് മാതൃഭൂമിയുടെ തൊഴിൽ വാർത്തയാണ്. (തൊഴിൽ വാർത്ത ഉയർത്തിക്കാട്ടി) ഈ സ്ഥാപനം എങ്ങനെ പ്രവർത്തിക്കും. അതിന്റെ വിശദാംശങ്ങൾ ഇതിനകത്തുണ്ട്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 'വാട്ടർ അതോറിറ്റിയിൽ ഒഴിവുകൾ പൂഴ്ത്തി താൽക്കാലിക നിയമനം'. ഇതും മാതൃഭൂമി തൊഴിൽ വാർത്തയിൽ വന്നതാണ്. ഇത് മനോരമയുടെ തൊഴിൽ വീഥിയാണ്. 'വാട്ടർ അതോറിറ്റിയിൽ ഒഴിവുകൾ ഒഴുകിപ്പോകുന്നുണ്ടോ' തൊഴിൽ വീഥിയുടെ മുഖപ്രസംഗമാണ്. അതുപോലെ ഹയർ

LIBRARY ARCHIVES Kerala Legislative Assembly